# Press Conference by Hijri Committee of India

**ഹിജ്റ വർഷം 1433 ലെ റമദാൻ മാസം 20-07-12 വെള്ളിയാഴ്ച ആരംഭിക്കുന്നതാണ്.**

ഖുർആൻ ദൈവവചനവും ശാസ്ത്രം പ്രപഞ്ച സൃഷ്ടിപ്പിനെ സംബന്ധിച്ചുള്ള അറിവും ആകയാൽ അവ തമ്മിൽ വൈരുദ്ധ്യം ഉണ്ടാവുകയില്ല. ഖുർആനിലെ 2:189, 36:39 വചനങ്ങൾ കാലഗണനസംബന്ധിച്ച ഇസ്‌ലാമിന്റെ തത്വം പഠിപ്പിക്കുന്നു. ചന്ദ്രക്കലകളുടെ വളർച്ചയും അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളും തിയതികൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി ഖുർആൻ പറയുന്നു. ആധുനിക ഗോളശാസ്ത്രവും ഈ തത്വം അംഗീകരിക്കുന്നു. ചന്ദ്രക്കലകളുടെ വളർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി വിവിധ രാജ്യങ്ങളിലെ വാനശാസ്ത്ര പഠന ഗവേഷണ കേന്ദ്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ***അൽമനാകുകൾ*** ചന്ദ്രമാസങ്ങളുടെ കൃത്യമായ കണക്കുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അൽമനാകുകളിലെ കണക്കുകൾ കൃത്യതയാർന്നതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കണക്കുപ്രകാരം 2012 ജൂലൈ 19 വ്യാഴാഴ്ച ആഗോള സമയം 04.07ന്ന് മാസപ്പിറവി സംഭവിക്കുന്നതിനാൽ വെള്ളിയാഴ്ച റമദാൻ മാസം ആരംഭിക്കുന്നതാണ്.

19.07.12 വ്യാഴാഴ്ച ചന്ദ്രക്കല നോക്കണമെന്നും കണ്ടാൽ അറിയിക്കണമെന്നും പ്രസ്താവനയിറക്കുന്ന സംഘടനകൾ അജ്ഞത നടിക്കുകയാണ്. മാസത്തിലെ അവസാനദിവസം ചന്ദ്രക്കല കാണുകയില്ലെന്ന് നിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കിയ ഖുർആൻ വ്യാഖ്യാതാക്കൾ നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ജലാലൈനി, അമാനി മൗലവി എന്നിവരുടെ ഖുർആൻ വ്യാഖ്യാനത്തിൽ ആയവ കാണാവുന്നതാണ്. ചന്ദ്രൻ ഓരോ ദിവസവും കാണിക്കുന്നത് ആ ദിവസക്കത്തേക്കുള്ള തിയതിയാണ്. ഒന്നാം തിയ്യതി സന്ധ്യക്കാണ് ആദ്യമായി കല കാണുന്നത്. ഇന്ന് കാണുന്നത് നാളത്തേക്കുള്ളതാണെന്ന വിശ്വാസം ഖുർആൻ വിരുദ്ധവും ശാസ്ത്രവിരുദ്ധവുമാണ്. വ്യാഴാഴ്ച ചന്ദ്രക്കല കാണുകയില്ല. വെള്ളിയാഴ്ച സൂര്യോദയത്തിന്ന് ശേഷം ഉദിക്കുന്ന ചന്ദ്രൻ സന്ധ്യക്ക് സൂര്യാസ്തമയശേഷം  മിനുട്ട് കഴിഞ്ഞ് അസ്തമിക്കുന്നു. വെള്ളിയാഴ്ച തന്നെയാണ് ഒന്നാം തിയ്യതിയെന്ന് ഇത് തെളിയിക്കുന്നു.

ഈ വർഷത്തെ റമദാനിൽ 29 ദിവസങ്ങളാണുള്ളത്. 18.08.2012 ശനിയാഴ്ച ഈദുൽ ഫിത്വർ ആയിരിക്കുന്നതാണ്. കോഴിക്കോട് കല്ലായി റോഡിലെ സ്നേഹാഞ്ജലി ഓഡിറ്റോറിയത്തിൽ ഈദ് ഗാഹ് നടത്തുന്നതാണ്.

പങ്കെടുത്തവർ:

1. ഡോ.വി.കെ.എം.സുബൈർ - പ്രസിഡന്റ്
2. ഡോ. കോയക്കുട്ടി ഫാറൂഖി - വൈസ് പ്രസിഡന്റ്
3. മുസ്തഫാ മുഹമ്മദ് - സംസ്ഥാന സെക്രട്ടറി
4. റഫീഖ് പി.എ - ജില്ലാ സെക്രട്ടറി